പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2785 — 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി .സി. ബസ്സുകൾ വാടകയ്ക്ക് നൽകൽ

ചോദ്യം
ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി .സി. ബസ്സുകൾ സ്വകാര്യ ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന സംരംഭം എല്ലാ ജില്ലകളിലും ലഭ്യമാണോ; | (എ) | എല്ലാ ജില്ലകളിലും ലഭ്യമാണ്. |
| (ബി) | ഇതിന്റെ നിരക്കുകൾ ഏറ്റവും ഒടുവിലായി പരിഷ്ക്കരിച്ചത് എന്നാണ്; ഈ നിരക്കുകളിൽ ഏതെങ്കിലും തരത്തിലുള്ള പരിഷ്കരണത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏത് രീതിയിലുള്ള പരിഷ്കരണമാണ് ഉദ്ദേശിക്കുന്നത് ; | (ബി) | നിരക്കുകൾ 2013-ലാണ് പരിഷ്ക്കരിച്ചത്. നിലവിൽ പരിഷ്ക്കരണത്തെക്കുറിച്ച് ആലോചിക്കുന്നില്ല. |
| (സി) | ഈ സംരംഭം കൂടുതൽ ആകർഷകമാക്കുന്നതിനും ജനകീയമാക്കുന്നതിനും മറ്റെന്തെങ്കിലും മാറ്റം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം; | (സി) | ഈ സംരംഭം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനകീയമാക്കുന്നതിനു വേണ്ടി മാറ്റം കൊണ്ടുവരുവാൻ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ഡി) | മലബാർ മേഖലയിൽ ഈ സംരംഭം എത്രത്തോളം വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ മേഖലയിൽ പദ്ധതിയുടെ പ്രചാരത്തിനായി എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മലബാർ മേഖലയിൽ മാത്രമായി ഈ സംരംഭത്തെ കെ. എസ്. ആർ. ടി. സി വിലയിരുത്തിയിട്ടില്ല. നിലവിൽ പ്രചാരത്തിനായി പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ